രക്ഷിച്ച് (പശുവിനെ കെട്ടുന്നില്ല) അതിന് അതിന്റെ ഒരു സാമ്രാജ്യം അനുവദിക്കിച്ചിരിക്കുന്നു. പശുക്കൾക്ക് സുഖവാസത്തിനായി കംഫർട്ട്സോണും ക്രമപ്പെടുത്തിയിരിക്കുന്നു. പശുവിനെ 24 മണിക്കൂറും ഒരു യന്ത്രം (ആക്റ്റിവിറ്റി മീറ്റർ) വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഒരു പശു എത്ര പ്രാവശ്യം അയവെട്ടിയെന്ന് ഈ യന്ത്രം നമ്മോട് പറഞ്ഞുതരും. പശുവിന്റെ ദേഹം വൃത്തിയാക്കാൻ "കൗ ബ്രഷ്" എന്ന ഉപകരണം ഫാമിൽ ഘടിപ്പിച്ചിരിക്കുന്നു. പശുവിനെ ബ്രഷ് ചെയ്യുവാൻ ഈ യന്ത്രം സഹായിക്കുന്നു. മൺവെട്ടിക്കും മൺകോരിക്കും പകരം ചാണകം ഷെഡിൽനിന്ന് മാറ്റുന്നത് "ഡങ് സ്ക്രാപ്പർ" എന്ന യന്ത്രമാണ്. ഈ യന്ത്രത്തിന് പ്രവർത്തനാനുമതി നൽകുന്നത് ഒരു കമ്പ്യൂട്ടർ ആണെന്നതാണ് യാഥാർത്ഥ്യം. ഒരു പശുവിന്റെ കറവ കഴിഞ്ഞ് അടുത്ത പശുവിന്റെ കറവ തുടങ്ങുന്നതിനു മുമ്പ് യന്ത്രംതന്നെ സ്വയം കറവ യന്ത്രത്തെ കഴുകി വൃത്തിയാക്കുന്നു. പശുവിന് കുടിക്കാനുള്ള വെള്ളം 24 മണിക്കൂറും ലഭ്യമാക്കുന്നു. എല്ലാ പശുക്കളും 24 മണിക്കൂറും വിദഗ്ദ്ധ ഡോക്ടറുടെ നിരീക്ഷണത്തിലായിരിക്കും.

(ഡി) ഉണ്ട്. പൂർണ്ണമായും രോഗവിമുക്തമായ പശുക്കൾ ഉൽപ്പാദിപ്പിക്കുന്ന പാൽ "സർട്ടിഫൈഡ് ഫാം ഫ്രഷ്മിൽക്ക്" ആയി നേരിട്ട് വിതരണം ചെയ്യുന്നതാണ്. പൊതുമേഖലയിൽ ആദ്യമായി പശുവിൻപാൽ യാതൊരു സംസ്ക്കരണത്തിനും വിധേയമാകാതെ ശുദ്ധമായ രൂപത്തിൽ ഉപഭോക്താക്കളിൽ എത്തിക്കുന്നു.

മുട്ടക്കോഴി വിതരണ പദ്ധതി

142 (156) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മുട്ടയുടെ ഉല്പാദനം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ;

(സി) മുട്ടക്കോഴികളെ നല്കുന്ന പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ;

(ഡി) അഴിക്കോട് മണ്ഡലത്തിൽ മുട്ടക്കോഴികളെ നല്കുന്ന പദ്ധതി അടിയന്തരമായി നടപ്പാക്കുമോ ?

ഉത്തരം

(എ) മുട്ടയുല്പാദനം വർദ്ധിപ്പിക്കാൻ പൗൾട്രി വില്ലേജ് (കൊല്ലം, എറണാകുളം) ഗ്രാമം നിറയെ കോഴികൾ, ആർ.എസ്.വി.വൈ. (വയനാട്) വീട്ടമ്മയുടെ അരുമക്കോഴികൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ (തൃശ്ശൂർ ജില്ല), കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നൂതനങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാനായി കൊട്ടിയം ലെയർ ബ്രീഡിംഗ് ഫാമിൽ പാരന്റ് സ്റ്റോക്കിന്റെ എണ്ണം 5600 ആക്കി വർദ്ധിപ്പിച്ചു. വർഷങ്ങളായി തരിശ്ശായിക്കിടന്ന തൃശ്ശൂരിലെ മാളയിലുള്ള 5 ഏക്കർ സ്ഥലത്ത് പുതുതായി ഒരു ഹൈടെക് കോഴിവളർത്തൽ കേന്ദ്രം തുടങ്ങി. പ്രതിവർഷം 6 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നതാണ്. തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും പുതുതായി ഹാച്ചറികൾ സ്ഥാപിച്ചു. കേരളത്തിലെ 16 ബ്ലോക്കുകളിൽപ്പെട്ട 416667 ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് കോഴിക്കുഞ്ഞുങ്ങളെ വീതം (ആകെ 833334 കോഴിക്കുഞ്ഞുങ്ങളെ) മൃഗസംരക്ഷണ വകുപ്പ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ വർഷം 176000 ബി.പി.എൽ. കുടുംബങ്ങൾക്കുകൂടി 352000 കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താൻ പദ്ധതിയുണ്ട്.

(ബി) 2006-07 മുതൽ 2009-10 വരെ 43.74 കോടി മുട്ടയുടെ അധിക ഉല്പാദനം നടന്നിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൃഗസംരക്ഷണ വകുപ്പിലെ ക്ലാസ്-4 ജീവനക്കാരുടെ പ്രൊമോഷൻ

143 (157) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ ദീർഘകാലമായി റേഷ്യോ പ്രൊമോഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) 18-11-2008-ലെ ഫിനാൻസ് സർക്കുലർ നമ്പർ 79/08 ആനുസരിച്ച് പ്രസ്തുത ആനുകൂല്യം അടിയന്തരമായി നൽകണമെന്ന് ഉത്തരവായിട്ടുണ്ടോ ; പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) 14-11-1995-ലെ സർക്കാർ ഉത്തരവ് (പി)817/95(58)ഫിൻ. പ്രകാരം 1:2 എന്ന അനുപാതത്തിൽ 1-3-1992 മുതൽ പ്രബല്യത്തിൽ വരത്തക്കവണ്ണം ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടും പ്രസ്തുത ആനുകൂല്യം ക്ലാസ്-4 വിഭാഗത്തിനുകൂടി ബാധകമാക്കിയിട്ടും ടി ആനുകൂല്യം പ്രസ്തുത ജീവനക്കാർക്ക് നിഷേധിക്കുന്നതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ചെങ്ങന്നൂർ ഹാച്ചറിയിൽ ജോലിചെയ്യുന്ന ക്ലാസ്-4 വിഭാഗം ജീവനക്കാരായ ശ്രീമതി സാറാമ്മ, ശ്രീമതി വി. കെ. ശ്രീകുമാരി, ശ്രീ. കെ. നജീം കുഞ്ഞ് എന്നിവർക്ക് 5 വർഷത്തിലേറെ സർവ്വീസുണ്ടായിരുന്നിട്ടും 1:2 പ്രകാരം ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly